**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

01.02.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2114

## ആർദ്രം മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.എം. മുകേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയ പെരുമൺ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അധികമായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ;ഇതിനായി സ്വീകരിച്ചുവരുന്ന നപടികൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കുമോ; | (എ) | പെരുമൺ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സൃഷ്ടിച്ച ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ ഒരു അസിസ്റ്റന്റ് സർജന്റേയും ഒരു ലാബ് ടെക്നീഷ്യന്റെയും നിയമനം നടത്തിയിട്ടുണ്ട്. സ്റ്റാഫ് നഴ്സുമാരുടെ പി.എസ്സ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. താല്കാലിക നിയമനം നടത്തുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. |
| (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രത്തിലെ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനും പുതിയ ഒ.പി. കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരുമൺ പ്രാഥമികാരോഗ്യ കേന്ദ്രം ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ടി ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 14,20,500/- (പതിനാല് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ